## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 2719 — 12.03.2018 ൽ മറുപടിയ്ക്ക്

# ഓൺലൈൻ പോക്കുവരവ് സമ്പ്രദായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. കെ. ബഷീർ | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിൽ എന്തെല്ലാം സർട്ടിഫിക്കറ്റുകളും നടപടിക്രമങ്ങളുമാണ് ഓൺലൈൻ ആക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(എ) **1. ഇ-ഡിസ്ട്രിക്ട്**

വില്ലേജ്/താലൂക്ക് ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്കാവശ്യമുള്ള വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് ഇ-ഡിസ്ട്രിക്റ്റ് പദ്ധതി. സംസ്ഥാനത്തെ വില്ലേജ്/താലൂക്ക് ഓഫീസുകളിൽ നിന്നും നൽകിവരുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഈ പദ്ധതി മുഖേന വില്ലേജ് ഓഫീസറുടെ /തഹസിൽദാരുടെ ഡിജിറ്റൽ ഒപ്പോടുകൂടി ഓൺലൈനായി നൽകി വരുന്നു.

താഴെപ്പറയുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഇ – ഡിസ്ട്രിക്റ്റ് സംവിധാനം വഴി നൽകി വരുന്നു.

1. ജാതി സർട്ടിഫിക്കറ്റ്
2. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്
3. താമസക്കാരനാണെന്നുള്ള സർട്ടിഫിക്കറ്റ്
4. ബന്ധുത്വ സർട്ടിഫിക്കറ്റ്
5. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്
6. ഡൊമിസൈൽ സർട്ടിഫിക്കറ്റ്
7. വരുമാന സർട്ടിഫിക്കറ്റ്
8. കൈവശാവകാശ സർട്ടിഫിക്കറ്റ്

9. തിരിച്ചറിയൽ സർട്ടിഫിക്കറ്റ്
10. പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ്
11. സോൾവെൻസി സർട്ടിഫിക്കറ്റ്
12. ലോക്കേഷൻ സർട്ടിഫിക്കറ്റ്
13. കൺവെർഷൻ സർട്ടിഫിക്കറ്റ്
14. ഡിപ്പന്റൻസി സർട്ടിഫിക്കറ്റ്
15. അഗതി സർട്ടിഫിക്കറ്റ്
16. കുടുംബാംഗത്വ സർട്ടിഫിക്കറ്റ്
17. മിശ്ര വിവാഹ സർട്ടിഫിക്കറ്റ്
18. നോൺ റീ മാര്യേജ് സർട്ടിഫിക്കറ്റ്
19. ലൈഫ് സർട്ടിഫിക്കറ്റ്
20. വൺ ആന്റ് ദി സെയിം സർട്ടിഫിക്കറ്റ്
21. പൊസഷൻ ആന്റ് നോ അറ്റാച്ച് മെന്റ് സർട്ടിഫിക്കറ്റ്
22. വാല്യേഷൻ സർട്ടിഫിക്കറ്റ്
23. വിധവ/വിഭാര്യൻ സർട്ടിഫിക്കറ്റ്
24. മൈനോരിറ്റി സർട്ടിഫിക്കറ്റ്

## 2. ആർ.ആർ.ഓൺലൈൻ

റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ് ലൈൻ, ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച് റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജ് തലം വരെ ബന്ധിപ്പിക്കുന്ന പുതിയ ഓൺലൈൻ സംവിധാനം നിലവിലുണ്ട്. ഇതിലൂടെ അർത്ഥനാധികാരികൾക്ക് റവന്യൂ റിക്കവറി സംബന്ധിച്ച വിവരങ്ങൾ നേരിട്ട് രേഖപ്പെടുത്തുവാനും ജില്ല, താലൂക്ക് അധികാരികൾക്ക് ഓൺലൈനായി റവന്യൂ റിക്കവറി സംബന്ധിച്ച നടപടികൾ സ്വീകരിക്കുവാനും കഴിയും.

### 3. ഇ- പെയ്മെന്റ്

സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ അടയ്ക്കാവുന്ന എല്ലാ പെയ്മെന്റുകളും ഓൺലൈൻ വഴിയടുക്കുന്നതിനുള്ള ഇ-പെയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. റവന്യൂ വകുപ്പിലെ വിവിധ നികുതികൾ, സാമ്പത്തിക സേവനങ്ങൾ, വിവിധ ഇനം ഫീസുകൾ എന്നിവ ഇ-ട്രഷറി സംവിധാനവുമായി സംയോജിപ്പിച്ചു കൊണ്ട് സമഗ്രമായ ഒരു ഇ-പെയ്മെന്റ് പ്ലാറ്റ്ഫോം വികസിപ്പിച്ചെടുക്കുക എന്നതാണ് ഇതു കൊണ്ട് ലക്ഷ്യമിടുന്നത്.

### 4. സംയോജിത ഓൺലൈൻ പോക്കുവരവ് (Online Mutation)

ഭൂസംബന്ധമായി റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാധ്യമാക്കുന്നു. ആധുനിക വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും, സുതാര്യമായും, കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടു കൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കുന്നത്.

**(ബി)** ഓൺലൈൻ പോക്കുവരവ് സമ്പ്രദായം സംസ്ഥാനത്ത് എത്ര വില്ലേജുകളിൽ നടപ്പിലാക്കിയിട്ടുണ്ട്; വിശദമാക്കാമോ;

**(ബി)** സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 1464 വില്ലേജുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്ററുകൾ ഡിജിറ്റൈസ് ചെയ്ത് ഓൺലൈൻ പോക്കുവരവ്, ഓൺലൈൻ ഭൂനികുതി

സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അവശേഷിക്കുന്ന വില്ലേജുകളിൽ റിക്കോർഡുകളുടെ ഡിജിറ്റൈസേഷൻ പൂർത്തിയാക്കി ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിച്ച് വരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര പോക്കുവരവുകൾ ഓൺലൈനായി നടത്തിയിട്ടുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് 408085 പോക്കുവരവുകൾ ഓൺലൈൻ ആയി നടത്തിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദ വിവരം അനുബന്ധമായി ചേർക്കുന്നു.

(ഡി) ഓൺലൈൻ പോക്കുവരവ് നടത്തുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ദിവസമാണെന്നും സമയ ബന്ധിതമായി പോക്കുവരവ് നടപടി പൂർത്തിയാക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ;

(ഡി) സേവനാവകാശ നിയമം 2012 പ്രകാരം നിയമ തടസ്സമോ സാങ്കേതിക തടസ്സമോ ഇല്ലാത്ത കേസുകളിൽ 40 ദിവസമാണ് പോക്കുവരവ് അപേക്ഷ തീർപ്പാക്കുന്നതിനുള്ള കാലാവധി. സമയ ബന്ധിതമായി പോക്കുവരവ് നടപടി പൂർത്തിയാക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

(ഇ) ഓൺലൈൻ പോക്കുവരവ് സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളിലേക്കും വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

(ഇ) ഓൺലൈൻ പോക്കുവരവ് സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളിലേക്കും വ്യാപിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ എടുത്തുവരികയാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം

**ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഓൺലൈനായി തീർപ്പാക്കിയ പോക്കുവരവുകളുടെ ജില്ല തിരിച്ചുള്ള വിവരം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2719 - പിരിവ്(സി)

| ക്രമ നമ്പർ | ജില്ല | ഓൺലൈനായി തീർപ്പാക്കിയ പോക്കുവരവ് അപേക്ഷകളുടെ എണ്ണം |
|---|---|---|
| 1. | തിരുവനന്തപുരം | 86000 |
| 2. | കൊല്ലം | 32191 |
| 3. | പത്തനംതിട്ട | 5808 |
| 4. | ആലപ്പുഴ | 19130 |
| 5. | കോട്ടയം | 46362 |
| 6. | ഇടുക്കി | 3910 |
| 7. | എറണാകുളം | 31220 |
| 8. | തൃശ്ശൂർ | 113 |
| 9. | പാലക്കാട് | 18081 |
| 10. | മലപ്പുറം | 73997 |
| 11. | കോഴിക്കോട് | 25908 |
| 12. | വയനാട് | 33650 |
| 13. | കണ്ണൂർ | 30489 |
| 14. | കാസർഗോഡ് | 1226 |
| | **ആകെ** | **408085** |

സെക്ഷൻ ഓഫീസർ